പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :5251

15.11.2019-ൽ മറുപടിയ്ക്ക്

## എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികൾക്കുള്ള ഇന്ററാക്ടീവ് പ്രോഗ്രാം

ചോദ്യം

ശ്രീ.ടി.ജെ. വിനോദ്

ഉത്തരം

ഡോ.കെ.ടി. ജലീൽ

(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികൾക്ക് എഞ്ചിനീയറിംഗ് മേഖലയോട് അഭിരുചി വർദ്ധിപ്പിക്കുവാൻ ഇന്ററാക്ടീവ് പ്രോഗ്രാം ആരംഭിച്ചിട്ടുണ്ടോ ; എത്ര കാലത്തേക്കാണ് പ്രസ്തുത കോഴ്സ് നടത്തുന്നതെന്ന് അറിയിക്കാമോ ; | (എ) | എ.ഐ.സി.റ്റി.ഇ ആവിഷ്കരിച്ച നടപ്പിലാക്കിയ ഇൻഡക്ഷൻ പ്രോഗ്രാം സാങ്കേതിക സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സംസ്ഥാനത്തെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും 2019-20 അധ്യായന വർഷം മുതൽ നടപ്പിലാക്കിയിട്ടുണ്ട്. എ.ഐ.സി.റ്റി.ഇ വിഭാവനം ചെയ്ത പോലെ രണ്ട് ആഴ്ചയാണ് പ്രസ്തുത പ്രോഗ്രാം നടപ്പിലാക്കിയത്. |
| (ബി) | ഇക്കാര്യത്തിനായി ഒന്നാം സെമസ്റ്ററിന്റെ ആകെ ക്രെഡിറ്റുകളിൽ കുറവ് വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ ; | (ബി) | ഇതിനായി ക്രെഡിറ്റിൽ കുറവ് വരുത്തുയിട്ടില്ല. എന്നാൽ ദേശീയ തലത്തിൽ തന്നെ എ.ഐ.സി.റ്റി.ഇ മുന്നോട്ട് വച്ച എഞ്ചിനീയറിംഗ് പാഠ്യപദ്ധതിക്കനുസരിച്ചും എ.ഐ.സി.റ്റി.ഇ യുടെ ബി.ടെക് പ്രോഗ്രാമിന്റെ മാതൃക പാഠ്യപദ്ധതിക്കനുസരിച്ചും ഒന്നാം സെമസ്റ്ററിലെ ആകെ ക്രെഡിറ്റ് 17 ആക്കി നിജപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സ്പോർട്സ്, ആർട്സ്, എൻ.എസ്.എസ്, സെമിനാറുകൾ എന്നിവയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷയിൽ ഗ്രേസ് മാർക്ക് നൽകുന്നുണ്ടോ ; വിശദമാക്കാമോ? | (സി) | അക്കാഡമിക് കൗൺസിൽ തീരുമാനപ്രകാരം സർവകലാശാലയെ ദേശീയ തലത്തിൽ പ്രതിനിധീകരിക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ